# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2663 19.12.2012 - ൽ മറുപടിക്ക്

## വേനൽക്കാലത്തെ ജലക്ഷാമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എം.ഷാജി | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) വേനൽക്കാലങ്ങളിലെ ജലക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) വേനൽക്കാലജലശോഷണം കണക്കിലെടുത്ത്, കടുത്ത കുടിവെള്ളക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ, അത് തരണം ചെയ്യുന്നതിനായി ധനലഭ്യതയ്ക്കനുസൃതമായി താഴെ പറയുന്ന നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.<br>1. ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം<br>2. കേടായ പമ്പ്സെറ്റുകളുടെ അറ്റകുറ്റപ്പണികൾ<br>3. പമ്പ്സെറ്റുകൾ മാറ്റിവയ്ക്കുന്ന പണികൾ<br>4. വാട്ടർലൈനുകളിലുള്ള ലീക്കുകൾ മാറ്റുക<br>5. സാങ്കേതികമായി സാധ്യമായ സ്ഥലങ്ങളിൽ ജലത്തിന്റെ ലഭ്യത അനുസരിച്ച് പൈപ്പ്ലൈനുകൾ നീട്ടുക<br>6. തകരാറിലായ പൈപ്പുലൈനുകൾ മാറ്റുക.<br>7. ഡൈവേർഷൻ ചാനലുകൾ മുഖേന നീരൊഴുക്കു വർദ്ധിപ്പിക്കുകയും സ്രോതസ്സുകളിലേയ്ക്ക് തിരിച്ചു വിടുകയും ചെയ്യുക.<br>8. കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്യുക.<br>9. പമ്പിംഗ് സമയം ക്രമീകരിച്ച് നിശ്ചിത സമയം കുടിവെള്ളം നല്കുക മുതലായവ. |
| (ബി) എല്ലാ ജനങ്ങൾക്കും ശുദ്ധജലം ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടോ; | (ബി) നിലവിലുള്ള പദ്ധതികളുപയോഗിച്ച് ജലലഭ്യത അനുസരിച്ച് പരമാവധി പ്രദേശങ്ങളിൽ ശുദ്ധജല ലഭ്യത ഉറപ്പു വരുത്തുന്നുണ്ട്. ഇപ്പോൾ പണി നടന്നു കൊണ്ടിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തോടെ ഒരളവുവരെ എല്ലാ ജനങ്ങൾക്കും കുടിവെള്ളം ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | കുടിവെള്ളം ലഭ്യമല്ലാത്ത സ്ഥല ങ്ങളിൽ ലഭ്യമാക്കുന്നതിനുള്ള കർമ്മപരിപാടികൾ ആവിഷ്കരി ക്കുമോ? | (സി) | ധനലഭ്യതയുടെ അടിസ്ഥാനത്തിൽ സാങ്കേതികമായി സാധ്യമായ എല്ലാ സ്ഥലങ്ങളിലും കുടിവെള്ളം ലഭ്യമാ ക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കുടിവെള്ളം ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ടാങ്കർ ലോറികൾ വഴി ജലവിതരണം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായ ത്തോടു കൂടി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ